പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1164 | 15-10-2026-ൽ മറുപടിയ്ക്ക്

<u>സേതുബന്ധൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. ടി. എം. ശശി

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സേതുബന്ധൻ പദ്ധതി പ്രകാരം ഗായത്രി നദിയിലെ വെങ്ങാനൂർ പാലം നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൻ കീഴിൽ 2022-23 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ സേതുബന്ധൻ CRIF പദ്ധതിയിൽ ഉൾപ്പെടുത്തി 12 കോടി രൂപയുടെ കേന്ദ്രാനുമതിയും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ആലത്തൂർ മണ്ഡലത്തിൽ ഗായത്രി നദിക്ക് കുറുകെ വെങ്ങാനൂർപാലം നിർമ്മിക്കുന്നതിന് ദേശീയപാത ഉത്തര മേഖല കോഴിക്കോട് കാര്യാലയത്തിൽ നിന്നും ആദ്യ മൂന്ന് തവണ ടെണ്ടർ ചെയ്തപ്പോൾ ആരും പങ്കെടുത്തില്ല. തുടർന്ന് നാലാം തവണ റി ടെണ്ടർ ചെയ്തതിൽ ഒരു ബിഡ് മാത്രം ലഭിച്ചത് എസ്റ്റിമേറ്റ് തുകയിൽ നിന്നും 37.66% അധികമായി ക്വോട്ട് ചെയ്തിട്ടുള്ളതിനാൽ സർക്കാരിന്റെ അംഗീകാരത്തിന് ലഭ്യമാക്കി. CRIF പ്രവൃത്തി ആയതിനാൽ ഭരണാനുമതി തുകയേക്കാൾ 10 ശതമാനത്തിൽ കൂടുതൽ വരികയാണെങ്കിൽ അത് സംസ്ഥാന സർക്കാർ വഹിക്കേണ്ടി വരുമെന്നതിനാൽ എസ്റ്റിമേറ്റ് റി വർക്ക് ചെയ്ത് വീണ്ടും റീ-ടെണ്ടർ ചെയ്യുകയും ചെയ്തിരുന്നു. റീ-കാസ്റ്റ് ചെയ്ത എസ്റ്റിമേറ്റ് പ്രകാരം ആദ്യ രണ്ടു തവണ ടെണ്ടർ ചെയ്തപ്പോൾ ആരും പങ്കെടുക്കാതിരുന്നതിനാൽ തുടർന്ന് മൂന്നാം തവണ ടെണ്ടർ ചെയ്തതിൽ രണ്ടു ബിഡുകൾ ലഭിച്ചിട്ടുണ്ട്, ആയതിന്റെ പരിശോധന നടപടികൾ പുരോഗമിച്ചുവരുകയാണ് , പ്രസ്തുത ടെണ്ടർ നടപടികൾ പൂർത്തികരിച്ച് ഉടമ്പടിയിൽ ഏർപ്പെട്ടതിനു ശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

**(ബി)** ആലത്തൂർ നിയോജകമണ്ഡലത്തിലെ കണ്ണാടി-പന്നിക്കോട് റോഡ് നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

**<u>മറുപടി:</u>** “Improvements to Kannadi Pannicode Road Km 0/000 to 10/000” എന്ന പ്രവൃത്തി KIIFB പ്രവൃത്തികളിൽ ഉൾപ്പെടുത്തി 28/05/2018 ൽ 24.09 കോടി രൂപക്ക് സാമ്പത്തികാനുമതി നൽകി പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ്(KRFB)ന് കൈമാറിയിരുന്നു. എന്നാൽ വിവിധ സാങ്കേതിക കാരണങ്ങളാൽ KIIFB ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12/10/2023 നിർദ്ദേശത്തിനെ തുടർന്ന് പ്രസ്തുത റോഡ് പൊതുമരാമത്തുവകുപ്പ് നിരത്ത് വിഭാഗത്തിന് തിരികെ നൽകിയിട്ടുള്ളതാണ്. ആയതിനെ തുടർന്ന് പ്രസ്തുത റോഡ് റണ്ണിങ് കോൺട്രാക്ട്(RC) പ്രവൃത്തിയിൽ ഉൾപ്പെടുത്തി പൊതുമരാമത്തുവകുപ്പ് നിരത്ത് വിഭാഗം പരിപാലിച്ചുവരികയായിരുന്നു. RC പ്രവൃത്തിയിൽ മാത്രം ഉൾപ്പെടുത്തി റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാക്കാൻ

കഴിയാത്തതിനാലും, റോഡിന്റെ ശോചനീയാവസ്ഥയും പരിഗണിച്ചും KIIFB RETURNED ROADS-Improvements to Kannadi-Pannikode road Km 0/000 to 10/000 എന്ന പ്രവൃത്തിക്ക് പൊതുമരാമത്ത് റോഡുകൾ വിഭാഗം 6 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തി KRFB മുഖേന നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**